# കേരള സർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **174/2026** | തീയതി : **18/08/2026**

## <u>പത്രക്കുറിപ്പ്</u>

### <u>കേരള സർവകലാശാല</u>
### <u>ബിഎഡ് പ്രവേശനം 2026 - 27</u>
### <u>ബിഎഡ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അലോട്ട്മെന്റ് ആഗസ്റ്റ് 20 ന്</u>

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, കെ.യു.സി.റ്റി.ഇ, സ്വാശ്രയ കോളേജുകൾ എന്നിവയിലേക്കുള്ള ബി.എഡ് കോഴ്സുകളിലെ ഒഴിവുള്ള ജനറൽ, കെ.യു.സി.റ്റി.ഇ മാനേജ്മെന്റ് ക്വാട്ട, സീറ്റുകളിലേക്ക് സ്പോട്ട് അലോട്ട്മെന്റ് ആഗസ്റ്റ് 20 ന് ഇ എം എസ് ഹാൾ കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസ്സിൽ വച്ച് നടത്തുന്നതാണ്.

രജിസ്ട്രേഷൻ സമയം രാവിലെ 9 മണി മുതൽ 10 മണി വരെയാണ്, സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് സഹിതം രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രസ്തുത സമയം കഴിഞ്ഞു വരുന്നവരെ കൃത്യസമയത്ത് ഹാജരായ വിദ്യാർത്ഥികൾക്ക് ശേഷം മാത്രമേ പരിഗണിക്കുകയുള്ളൂ.

ഏതെങ്കിലും കാരണത്താൽ ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം (authorization letter) നൽകി രക്ഷകർത്താവിനെയോ പ്രതിനിധിയെയോ അയക്കാവുന്നതാണ്.

നിലവിൽ കേരള യൂണിവേഴ്സിറ്റിയിൽ ബിഎഡ് അഡ്മിഷനുള്ള വിദ്യാർത്ഥികളെ ഈ സ്പോട്ട് അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ വരുന്ന വിദ്യാർത്ഥികൾ അസ്സൽ മാർക്ക് ലിസ്റ്റുകളും, ടി .സി യും , യോഗ്യതയും (ഇ.ഡബ്ല്യൂ.എസ്, ഭിന്നശേഷി - more than 40%) തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും കൈവശം കരുതണം.

ഓൺലൈനിൽ അപേക്ഷ സമർപ്പിച്ച സമയത്ത് രേഖപ്പെടുത്തിയ യോഗ്യതകൾ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സ്പോട്ട് അലോട്ട്മെന്റ് സമയത്ത് ഹാജകരാക്കേണ്ടതാണ്.

ഇതര സർവകലാശാലകളിൽ നിന്നും ഡിഗ്രി/പിജി പൂർത്തിയാക്കിയ വിദ്യാർത്ഥികൾ പ്രസ്തുത കോഴ്സുകൾ ബിഎഡ് പഠനത്തിന് കേരള സർവകലാശാല അംഗീകരിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്ന യോഗ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

കെ.യു.സി.റ്റി.ഇകളിലെ മാനേജ്മെന്റ് ക്വാട്ട വിഭാഗത്തിൽ ഒഴിവുള്ള വിഷയങ്ങളിൽ അപേക്ഷാർത്ഥികളുടെ അഭാവത്തിൽ പ്രസ്തുത സീറ്റ് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്ന അതാതു കോളേജിലെ മറ്റു കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് ഉയർന്ന ഇൻഡക്സ് മാർക്കിൻറെ അടിസ്ഥാനത്തിൽ നൽകുന്നതാണ്.

**EWS** വിഭാഗത്തിൽ ഉള്ള ഒഴിവുകളിൽ പ്രസ്തുത വിഭാഗത്തിലെ വിദ്യാർത്ഥികളെ മാത്രമാണ് പരിഗണിക്കുന്നത്. **EWS** വിഭാഗത്തിൽ ഒഴിവുള്ള വിഷയങ്ങളിൽ അപേക്ഷാർത്ഥികളുടെ അഭാവത്തിൽ പ്രസ്തുത സീറ്റ് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്ന മറ്റു കോഴ്സുകളിലെ **EWS** വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഉയർന്ന ഇൻഡക്സ് മാർക്കിന്റെ അടിസ്ഥാനത്തിൽ നൽകുന്നതാണ്.

അഡ്മിഷൻ സംബന്ധിച്ചുള്ള അതാതു സമയങ്ങളിലെ വിവരങ്ങൾക്ക് സർവകലാശാല പത്രകുറിപ്പുകളും അഡ്മിഷൻ വെബ്സൈറ്റും (**https://admissions.keralauniversity.ac.in**) ശ്രദ്ധിക്കേണ്ടതാണ്.

വിശദവിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പർ : 8281883053 (Whatsapp also), ഇമെയിൽ : **bedadmission@keralauniversity.ac.in**.

## സ്പോട്ട് അഡ്മിഷൻ

കേരള സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള (2026-27 അധ്യയന വർഷം) സ്പോട്ട് അഡ്മിഷൻ അതത് പഠനവകുപ്പുകളിൽ വച്ച് 2026 ആഗസ്റ്റ് 21 ന് നടത്തുന്നതാണ്. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ രാവിലെ 11:00 മണിക്ക് അതത് പഠനവകുപ്പുകളിൽ ഹാജരാകേണ്ടതാണ്.

**സ്പോട്ട് അഡ്മിഷനുള്ള ഒഴുവുകൾ:**

കെമിസ്ട്രി **SC - 1;** ഹിന്ദി : ഓപ്പൺ മെറിറ്റ് - 6, ഈഴവ - 2, മുസ്ലീം - 1, **SC** -3, **ST - 1, OBH -1, EWS - 2,** സംസ്കൃതം : ഓപ്പൺ മെറിറ്റ് - 9, ഈഴവ - 2, മുസ്ലീം - 1, **SC** - 3, **ST** - 1, **OBH** - 1, **EWS** - 2, ഹിസ്റ്ററി : **SC** – 2; മലയാളം **:** ഈഴവ – 2, മുസ്ലീം – 1, **SC** -3, **ST**-1, **OBH**-1, **EWS**-2; ഇക്കണോമിക്സ് **SC** – 1, ഇംഗ്ലീഷ് - **SC** – 1.

കൂടുതൽ വിവരങ്ങൾ അഡ്മിഷൻ പോർട്ടലിൽ (**admissions.keralauniversity.ac.in**) ലഭ്യമാണ്. ഇ-മെയിൽ : **cssfyugphelp2026@gmail.com**, ഫോൺ : 0471 2308328, മൊബൈൽ : 9188524612.

## ടൈംടേബിൾ

കേരള സർവകലാശാല 2026 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബികോം അക്കൗണ്ട്സ് ആന്റ് ഡാറ്റാ സയൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

# <u>പരീക്ഷാഫലം</u>

കേരള സർവകലാശാല 2026 മെയിൽ നടത്തിയ ആറാം സെമസ്റ്റർ എഫ്.വൈ.യു.ജി. (2023 അഡ്മിഷൻ) ബിഎ പൊളിറ്റിക്സ് & ഇന്റർനാഷണൽ റിലേഷൻസ്, ബി.എ ഇക്കണോമിക്സ്, ബിഎ ഹിസ്റ്ററി (സി.എസ്.എസ്. കാര്യവട്ടം) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.


പബ്ലിക് റിലേഷൻസ് ഓഫീസർ

**വന്ദന മോഹൻദാസ്**

**E-mail:** ku.release@keralauniversity.ac.in



**E-mail:** For queries helpdesk@keralauniversity.ac.in/

**website:** www.keralauniversity.ac.in

***University information is available on*** **9188526670, 9188526671, 9188526674, 9188526675**

**Whats App No. 8547330240**